KRISHNALEELA

032:1K20:21x F5

032:1k20:21x
F5

032:1K20:21x F5

RAMANUJAN EZUTHA-
CHAN.(T.)
Krishna leela or

Rasakreeda.

44951

**Madras University Library.**

DOCTRINA·VIM·PROMOVET·INSITAM

Call Number 032:1K20:21x F5

Accession Number 44951

Available for loan from

This book should be returned on or before
the date last marked below.

-5 MAR 1956

O. 61

THE SRÎ MÛLAM MALAYÂLAM SERIES.

No. XI.

# KRISHNA LEELA

**(Rasakreeda)**

UNIVERSITY LIBRARY
MAY 19
MADRAS

EDITED

WITH AN INTRODUCTION

BY

KOLATTERI SANKARA MENON, M. A., L. T.,
*Director of Ayurveda, Travancore*
*and*
*Curator for the publication of Malayalam Manuscripts.*

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

MK2:21

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1925.

[Price sh. 4.

*All Rights Reserved.*

44951
3238
032:1K20;21x
F5

MAY 19

# അവതാരിക.

ശ്രീമദ്ഭാഗവതം ദശമം ഇരുപത്തൊമ്പതാം അദ്ധ്യായം മുതൽ, മുപ്പത്തിനാലാം അദ്ധ്യായംവരെയുള്ള അഞ്ചദ്ധ്യായങ്ങളിലടങ്ങിയ കൃഷ്ണലീലകളെ വൎണ്ണിക്കുന്ന ഭാഗങ്ങളെ സംക്ഷേപിച്ച്, ഭാഷയിൽ പാട്ടായിട്ടെഴുതീട്ടുള്ളതാകുന്നു "കൃഷ്ണലീല" അഥവാ 'രാസക്രീഡ' എന്ന ഈ ചെറിയ പുസ്തകം. രസത്തിൻെറ അഭിവ്യക്തിക്കു ഹേതുവായ ഒരുതരം നൎത്തനമത്രേ രാസക്രീഡയെന്നത്.

"നടൈൎഗ്ഗൃഹീതകണ്ഠാനാ-
മന്യോന്യാത്തകരശ്രിയാം
നൎത്തകീനാം ഭവേദ്രാസോ
മണ്ഡലീഭൂയ നൎത്തനം."

എന്നാണ് പുരാണങ്ങളിൽ പറഞ്ഞുകാണുന്നത്. ശ്രീകൃഷ്ണനാൽ കണ്ഠാശ്ലേഷം ചെയ്യപ്പെട്ട ഗോപീമണ്ഡലത്താൽ പ്രശോഭിതമായ രാസക്രീഡാമഹോത്സവം, ഗീതവാദ്യതാളമേളനമനോഹരമാകുംവണ്ണം യമുനാപുളിനപ്രദേശങ്ങളിൽ വച്ചു യോഗേശ്വരേശ്വരനായ ഭഗവാൻ നടത്തി.

സംസാരസമുദ്രത്തിൻെറ മറുകരയെത്തിച്ചേരുവാനുള്ള മാൎഗ്ഗത്തെയാണ് രാസക്രീഡയിൽ മനോഹരമായി വൎണ്ണിച്ചിരിക്കുന്നതു്. ജ്ഞാനികൾ ബ്രഹ്മധ്യാനത്തിൽ അനുഭവിക്കുന്ന ബ്രഹ്മാനന്ദവും, ഭക്തന്മാർ ചേതോലയത്തോടുകൂടി ചെയ്യുന്ന ഭഗവദ്ഭജനത്താലുണ്ടാകുന്ന പരമാനന്ദവും, ഒന്നുതന്നെ. വിഷയസുഖത്തെ കാംക്ഷിച്ചു ഭജിക്കുന്ന ഭക്തന്മാൎക്ക്, ഭഗവാൻ സ്വരൂപാനന്ദത്തെ കൊടുക്കുന്നു എന്നിപ്രകാരമുള്ള പലപല ഗൂഢതത്വങ്ങളും രാസക്രീഡയിൽ നിന്നു മനസ്സിലാക്കേണ്ടതുണ്ട്.

എന്നാൽ പരദാരസംയോഗം നിന്ദ്യമായതുകൊണ്ടു ഭഗവാൻെറ ചേഷ്ടിതങ്ങളെ സാധൂകരിപ്പാൻ പാടില്ലെന്നുള്ള അഭിപ്രായം നിലനില്ക്കുന്നതല്ല. ആദ്യംതന്നെ വിചാരിക്കേണ്ടതു ഗോപിമാരെക്കുറിച്ചാകുന്നു. അവർ ആരാണ്? അവരെപ്പററി പുരാണങ്ങളിൽ എന്തു പറയുന്നു എന്നു നോക്കുക.

"പുരാ മഹൎഷയസ്സൎവ്വേ
ദണ്ഡകാരണ്യവാസിനഃ,
ദൃഷ്ട്വാ രാമം ഹരിം തത്ര
ഭോക്തുമൈച്ഛൻ സുവിഗ്രഹം.

തേ സൎവ്വേ സ്ത്രീത്വമാപന്നാഃ
സമുദ്ഭൂതാശ്ച ഗോകുലേ,
ഹരിം സംപ്രാപ്യ കാമേന
തതോ മുക്താ ഭവാൎണ്ണവാൽ"

എന്നു 'പത്മപുരാണ'ത്തിൽ കാണുന്നതുകൊണ്ടു്, ഗോപസ്ത്രീകളെല്ലാവരും പൂൎവ്വജന്മങ്ങളിൽ ഭഗവാനെ വളരെക്കാലം ആരാധിച്ചതിൻെറ ഫലമായി ഭഗവാനോടൊത്തുചേൎന്നു രമിപ്പാനായി മാത്രം അവതരിച്ചവരാണെന്നു സിദ്ധിക്കുന്നു. ഇവരിൽ രാധമുതലായവർ നിത്യസിദ്ധകളും മററുചിലർ സാധനസിദ്ധകളും ചിലർ ശ്രുതിദേവതകളും ചിലർ 'സംഭവന്തു സുരസ്ത്രിയഃ' എന്നതുകൊണ്ടു ദേവസ്ത്രീകളും ആണെന്നു വന്നുകൂടുന്നു.

"ഗോപ്യസ്തു ശ്രുതയോ ജ്ഞേയാ
ഋഷിജാ ഗോപകന്യകാഃ
ദേവകന്യാശ്ച രാജേന്ദ്ര!
ന മാനുഷ്യഃ കഥഞ്ചന."

എന്ന 'പത്മപുരാണ'വചനപ്രകാരം ഗോപസ്ത്രീകൾ, ശ്രുതികൾ, ഋഷികൾ ദേവകന്യകകൾ, എന്നിവരാണെന്നറിയുന്നു. ഇവർ മാനുഷികളല്ലെന്നുള്ളതു നിശ്ചയമത്രേ.

ഇതുകൊണ്ടു ഗോപസ്ത്രീകളെല്ലാവരും മോക്ഷപ്രാപ്തിക്കർഹതയുള്ളവരാണെന്നുതന്നെ സിദ്ധിക്കുന്നു.

ഭഗവാനാകട്ടേ, രാസക്രീഡക്കൊരുമ്പെട്ടതു 'യോഗമായാമുപാശ്രിത'നായിട്ടാണെന്നാണ് ഭാഗവതത്തിൽത്തന്നെ പറഞ്ഞിരിക്കുന്നത്. ആ യോഗമായയുടെ ആശ്രയമാണ് രാത്രികളുടെ വിശേഷണമായി 'ശാരദോൽഫുല്ലമല്ലികാഃ' എന്നു കല്പിക്കുവാൻ കാരണം. എന്തുകൊണ്ടെന്നാൽ മല്ലിക വസന്തത്തിങ്കലല്ലാതെ ശരത്തിൽ പുഷ്പിക്കാറില്ല. ഈ വൈലക്ഷണ്യത്തെ ആ വിശേഷണംകൊണ്ടു വേദവ്യാസഭഗവാൻ ധ്വനിപ്പിച്ചിരിക്കുന്നു. ഈ യോഗമായയെ ആശ്രയിച്ചിട്ടുതന്നെയാണ് ഭഗവാൻ, ഒരേസമയത്തുതന്നെ പലേ കൃഷ്ണന്മാരായിച്ചമഞ്ഞത്. ഇനി ഭഗവാൻെറ

മാഹാത്മ്യത്തെക്കുറിച്ചെന്തു പറഞ്ഞിരിക്കുന്നു എന്നു ചിന്തിക്കാം. ,,ആത്മാരാമോഽപ്യരീരമൽ' എന്നതുകൊണ്ടു ആത്മാരാമനായ ശ്രീകൃഷ്ണനു രമിക്കുവാൻ പരസഹായമൊന്നും വേണ്ടെന്നു വന്നുകൂടി. സദാ സ്വരൂപാനന്ദത്തിൽതന്നെ രമിക്കുന്ന ഭഗവാന് ഗോപസ്ത്രീകളെക്കൊണ്ടു പ്രയോജനമൊന്നുമില്ല. സ്വഭക്തകളായ ഗോപസ്ത്രീകളെ രമിപ്പിക്കുന്നതിന്നുമാത്രം ഭഗവാൻ സ്വാത്മാവിൽ..രമിച്ചതല്ലാതെ, രതിക്രീഡ ചെയ്തിട്ടില്ല. ആത്മാനന്ദത്തിൽ രമിച്ചുകൊണ്ടിരിക്കുന്ന ഗോപസ്ത്രീകൾ നിസ്സാരമായ കാമസുഖത്തിൽ രമിച്ചതായി ഒരുദിക്കിലും പറഞ്ഞുകാണുന്നില്ല.

പിന്നീടു ഭഗവാൻ മാന്മഥവികാരങ്ങൾക്കു വശപ്പെട്ടവനല്ല എന്നുള്ളത് ,,ആത്മന്യവരുദ്ധസൌരതഃ'' എന്നതുകൊണ്ടു സിദ്ധിക്കുന്നു. പൂർണ്ണബ്രഹ്മാനന്ദത്തിൽ സദാ രമിക്കുന്ന ഭഗവാനു കാമസുഖത്തിൽ പ്രസക്തി ഉണ്ടാവാനവകാശമില്ലെന്നു നിശ്ചയംതന്നെ.

ശ്രീകൃഷ്ണദത്തചിത്തകളായ ഗോപസ്ത്രീകൾക്ക്, ത്രിവർഗ്ഗത്തിലുള്ള തൃഷ്ണ നശിച്ചുപോയി എന്നതു പിന്നീടുള്ള അവരുടെ ചേഷ്ടിതങ്ങളെക്കൊണ്ടു ഭഗവാൻ വ്യാസൻ വ്യക്തമാക്കീട്ടുണ്ട്. വൈരാഗ്യം എപ്പോൾ വരുന്നുവോ, അപ്പോൾത്തന്നെ സന്ന്യസിക്കണമെന്നാണ് വേദോക്തി. ,യദഹരേവ വിരജേൽ തദഹരേവ പ്രവ്രജേൽ' എന്ന ശ്രുതിവചനപ്രകാരം ഗോപസ്ത്രീകൾ സ്വഭർത്തൃപുത്രാദികളെ ഉപേക്ഷിച്ചുഭഗവാനെ ശരണം പ്രാപിച്ചതിലെന്താണ് അത്ഭുതപ്പെടുവാനുള്ളത്?

പരീക്ഷിത്തുമഹാരാജാവിന്നും ഗോപിമാരുടെ മോക്ഷപ്രാപ്തി മുതലായവയെപ്പററി ചില സംശയങ്ങൾ ജനിക്കാതിരുന്നില്ല.

,,കൃഷ്ണം വിദുഃ പരം കാന്തം
ന തു ബ്രഹ്മതയാ മുനേ!
ഗുണപ്രവാഹോപരമ-
സ്താസാം ഗുണധിയാം കഥം?''

എന്ന ചോദ്യത്തിൻെറ സമാധാനം പറയുന്ന കൂട്ടത്തിൽ,

,,കാമം ക്രോധം ഭയം സ്നേഹ-
മൈക്യം സൌഹൃദമേവ ച
നിത്യം ഹരൌ വിദധതോ
യാന്തി തന്മയതാം ഹി തേ.''

എന്നു പറഞ്ഞിരിക്കുന്നു. ഭഗവദ്വിഷയത്തിൽ വ്യാപരിക്കുന്ന മനോവൃത്തി, ഏതു കാരണത്തോടുകൂടിയതായിരുന്നാലും, സ്വരൂപലയത്തിങ്കൽ പൎയ്യവസാനിക്കുന്നു. കാമംകൊണ്ടു ഗോപസ്ത്രീകളും, ക്രോധംനിമിത്തം ശിശുപാലാദികളും, ഭയംനിമിത്തം കംസാദികളും, സ്നേഹംനിമിത്തം യശോദ മുതലായവരും, ഐക്യംനിമിത്തം പാണ്ഡുപുത്രാദികളും, ഭക്തിനിമിത്തം നാരദാദികളും, മുക്തന്മാരായിത്തീൎന്നു. വസ്തുസ്ഥിതി ഇപ്രകാരമായിരിക്കെ, ഗോപസ്ത്രീകളുടെ മോക്ഷപ്രാപ്തിവിഷയത്തിൽ അത്ഭുതപ്പെടുവാനവകാശമില്ലെന്നു സിദ്ധിക്കുന്നു.

„ന ചൈവം വിസ്മയഃ കാൎയ്യോ
ഭവതാ ഭഗവത്യജേ
യോഗേശ്വരേശ്വരേ കൃഷ്ണേ
യത ഏതദ്വിമുച്യതേ"

എന്നഭിപ്രായപ്പെട്ടു സംശയനിവൃത്തിയെ ഉണ്ടാക്കിക്കൊടുത്തു ഭഗവാൻ വ്യാസമഹൎഷി.

ഗോപസ്ത്രീകളുടെ ഭക്തിയെ സ്ഥിരയാക്കിച്ചെയ്യുന്നതിന്നായി ഭഗവാൻ അന്തൎഹിതനായി. ഭക്തിമധുരമായ അവരുടെ ഗീതംകൊണ്ടു പ്രസന്നചിത്തനായ ഭഗവാൻ „സാക്ഷാന്മന്മഥമന്മഥ"നായി അവരുടെ പുരോഭാഗത്തിൽ പ്രത്യക്ഷനായി. ഭഗവാൻ അവരെ സാന്ത്വനംചെയ്തുകഴിഞ്ഞപ്പോൾ അവർ ചോദിച്ചു.

"ഭജതോഽനുഭജന്ത്യേക,
ഏക ഏതദ്വിപൎയ്യയം,
നോഭയാംശ്ച ഭജന്ത്യേക
ഏതന്നോ ബ്രൂഹി സാധു ഭോഃ!"

„ലോകത്തിൽ മൂന്നു തരക്കാരുണ്ട്. ചിലർ തങ്ങളെ ഭജിക്കുന്നവരെ അതുപോലെ അങ്ങോട്ടും ഭജിക്കുന്നു. മററു ചിലർ തങ്ങളെ ഭജിക്കാത്തവരെ അങ്ങോട്ടു ഭജിക്കുന്നു. വേറെ ചിലർ തങ്ങളെ ഭജിക്കുന്നവരേയും ഭജിക്കാത്തവരേയും ഭജിക്കുന്നില്ല. ഇതിന്റെ തത്വത്തെ ഞങ്ങളോടു പറഞ്ഞാലും." ഇതിന്റെ ഉത്തരമായി ഭഗവാൻ പറഞ്ഞു.

„മിഥോ ഭജന്തി യേ സഖ്യഃ
സ്വാൎത്ഥൈകാന്തോദ്യമാ ഹി തേ,

ന തത്ര സൌഹൃദം ധൎമ്മഃ
സ്വാൎത്ഥാൎത്ഥം തദ്ധി നാന്യഥാ.”

അന്യോന്യം ഭജിക്കുന്നവൎക്കു സ്വാൎത്ഥം മാത്രം പ്രയോജനമാകുന്നു. അതിൽ സ്നേഹവുമില്ല, ധൎമ്മവുമില്ല. ഇതു സ്വാൎത്ഥൈകപരമാകയാൽ അധമംതന്നെ.

„ഭജന്ത്യഭജതോ യേ വൈ
കരുണാഃ പിതരൌ യഥാ
ധൎമ്മോ നിരപവാദോऽത്ര
സൌഹൃദഞ്ച സുമദ്ധ്യമാഃ.”

തങ്ങളെ ഭജിക്കാത്തവരെ അങ്ങോട്ടു ഭജിക്കുന്നവർ കരുണയുള്ളവരാകുന്നു. മാതാപിതാക്കന്മാർ സന്താനങ്ങളെ സ്നേഹിക്കുന്നതു കരുണകൊണ്ടാണെല്ലൊ. ഇപ്രകാരംതന്നെ സജ്ജനങ്ങളും തങ്ങളെ ഭജിക്കാത്തവരെ ഭജിക്കുന്നതു കാരുണ്യംകൊണ്ടാകുന്നു. ഇതിൽ ധൎമ്മവും സൌഹൃദവും നിരപവാദമായിത്തന്നെ ഇരിക്കുന്നു.

„ഭജതോऽപി ന വൈ കേചിൽ
ഭജന്ത്യഭജതഃ കുതഃ?
ആത്മാരാമാ ഹ്യാപ്തകാമാ
അകൃതജ്ഞാ ഗുരുദ്രുഹഃ.”

ഭജിക്കുന്നവരേയും ഭജിക്കാത്തവരേയും, ഭജിക്കാത്തവർ നാലുതരത്തിലുണ്ട്. ൧. ആത്മാരാമന്മാർ:—ആത്മസ്വരൂപത്തിൽ നിമഗ്നന്മാരായ അഭേദബുദ്ധികൾക്കു ഭേദദൎശികളുടെ സേവ്യസേവകഭാവം അറിയാവുന്നതല്ല. ൨. ആപ്തകാമന്മാർ—വിഷയാസക്തന്മാരല്ലാത്തവർ അന്യരെ സേവിക്കുന്ന വിഷയത്തിൽ മനസ്സിനെ വ്യാപരിപ്പിക്കുന്നില്ല. ൩. അകൃതജ്ഞന്മാർ:—സജ്ജനങ്ങൾ ചെയ്ത ഉപകാരത്തെ അറിഞ്ഞു പ്രത്യുപകാരം ചെയ്യാൻ ബുദ്ധിയില്ലാത്ത മൂഢന്മാർ. ഇവർ മൌഢ്യംനിമിത്തം അന്യരെ ഭജിക്കുന്നില്ല. ൪. ഗുരുദ്രോഹികൾ:—‘ഉപകൎത്താ ഗുരുഃ സ്മൃതഃ’ എന്നതുകൊണ്ടു ഉപകാരംചെയ്തവനെ ദ്രോഹിക്കുന്നവർ ഗുരുദ്രോഹികളാകുന്നു.

„നാഹം തു സഖ്യോ ഭജതോऽപി ജന്തൂൻ
ഭജാമ്യമീ മാനുഷവൃത്തിവൃത്തയേ

യഥാധനേ ലബ്ധധനേ വിനഷ്ടേ
തച്ചിന്തയാന്യം നിഭൃതോ ന വേദ."

ഞാൻ മേൽ പറഞ്ഞവരിലുൾപ്പെട്ടവനല്ല. ഞാൻ പ്രാണികളുടെ ഹിതൈഷിയാകുന്നു. എന്നെ ഭജിക്കുന്നവരുടെ ഭക്തിക്കു സ്ഥൈര്യമുണ്ടാകുവാനായി ഞാനവരെ ഭജിക്കാതിരിക്കുന്നു. ഭജനാരംഭകാലത്തു പ്രത്യക്ഷനായിത്തീൎന്ന എന്നെ പിന്നെ അവർ കാണുന്നില്ല. എന്റെ ആ സ്വരൂപത്തിൽ അവക്കു കാലക്രമത്തിൽ സ്ഥിരഭക്തി ഉണ്ടാകുന്നു. നിൎദ്ധനനായ ഒരുവന്നു ലബ്ധമായ ധനം നഷ്ടമാകുമ്പോൾ അവന്റെ ചിത്തവൃത്തികൾ അതിൽമാത്രം പിന്നീടു വ്യാപരിക്കുന്നതുപോലെ, എന്റെ ദൎശനം കിട്ടിയ ഭക്തന്മാർ അതിന്റെ അഭാവത്തിൽ ആ രൂപത്തെതന്നെ നിരന്തരം സ്മരിക്കുന്നതാണ്. ഇതാണ് ഞാൻ ഭക്തന്മാരുടെ വിഷയത്തിൽ പരമകാരുണികനെന്നു പറഞ്ഞതിന്റെ താൽപൎയ്യം.

സൎവ്വസംഗപരിത്യാഗംചെയ്തു് എന്നെത്തന്നെ ശരണം പ്രാപിച്ചിരിക്കുന്ന നിങ്ങളുടെ ഭക്തിക്കു സ്ഥൈൎയ്യമുണ്ടാകുന്നതിന്നാകുന്നു ഞാൻ അന്തൎദ്ധാനം ചെയ്തതു്. എന്നെ ഒരിക്കൽ കണ്ട നിങ്ങൾക്കു എന്റെ സ്വരൂപം മറക്കുവാൻ സാധിക്കുന്നതല്ല. ആ രൂപത്തിന്റെ നിരന്തരധ്യാനംകൊണ്ടു സ്വരൂപാവാപ്തിയുണ്ടാകയും ചെയ്യും.

ഇപ്രകാരം വേണ്ട ഉപദേശംചെയ്തു ഗോപികളെ സാന്ത്വനപ്പെടുത്തി അവരുമായി ക്രീഡിച്ചു്, അവരെ ബ്രഹ്മാനന്ദസമുദ്രത്തിലേക്കു തള്ളിവിടുന്നു. ഇത്രയുമാണ് രാസക്രീഡയുടെ കാൎയ്യഭാഗത്തിന്റെ ഒരു ചുരുങ്ങിയ വിവരണം.

കൃഷ്ണലീല പ്രഥമപാദത്തിൽ നമ്മുടെ കവി ശ്രീകൃഷ്ണനിലുള്ള ഭക്തിവിശേഷത്തെ സവിശേഷം വൎണ്ണിച്ചു്, നമ്മുടെ മനസ്സിനെക്കൂടെ ആ യോഗേശ്വരേശ്വരങ്കൽ ലയിപ്പിക്കുന്നു. ഇതിൽ ഭഗവാന്റെ സ്വരൂപവൎണ്ണനം ചെയ്തിരിക്കുന്നതു ഭക്തിസംവൎദ്ധകമായിരിക്കുന്നു. ബാലക്രീഡകൾ വൎണ്ണിച്ചിരിക്കുന്ന ഭാഗങ്ങൾ ഹൃദയാവൎജ്ജകംതന്നെ. ഉദാഹരണത്തിന് 'സ്ഥാലീപുലാകന്യായേന' ചിലതുമാത്രം താഴെ ഉദ്ധരിച്ചു ചേൎക്കുന്നു.

"അമ്മതൻ മടിയിൽവെച്ചാലോലിച്ചീടുംനേര-
"മമ്മമ്മാ' വിതുമ്പിപ്പുഞ്ചിരിയും കാണാകേണം.

* * * * * * * *

കാലികൾകുളമ്പിലെഴ്ധൂളികൊണ്ടൊരുനിറം-
തേട്ടമപ്പുരികുഴലെപ്പൊഴും കാണാകേണം.

* * * * * * * *

പാൽത്തുള്ളിനിരപോലെ മെത്തീടും തിരുദന്ത-
മുത്തുകൾ വിളങ്ങുന്നതെപ്പൊഴും കാണാകേണം."

ഭക്തിപരവശനായ കവിയുടെ ശ്രീകൃഷ്ണകേശാദിപാദവൎണ്ണനത്തെ വായിക്കുന്ന നാമും അറിയാതെ കവിയുടെ മനോവൃത്തിയിലായിത്തീരുന്നതിലത്ഭുതമില്ല.

ഭാഗവതം ദശമം ഇരുപത്തൊൻപതാം അദ്ധ്യായത്തിലെ കഥ രണ്ടാംപാദത്തിൽ തുടങ്ങുന്നു.

"രാഗംകൊണ്ടെങ്കിലും പേടികൊണ്ടെങ്കിലും
സ്നേഹംകൊണ്ടെങ്കിലും ദ്വേഷംകൊണ്ടെങ്കിലും
ഇന്ദിരാവല്ലഭനായ ഭഗവാനെ
ചിന്തിച്ചാൽ വല്ലോൎക്കുമേകിടും മോക്ഷത്തെ"

എന്നുള്ള ആശയം മുൻ ഉദ്ധരിച്ചിട്ടുള്ള ഭാഗവതശ്ലോകത്തിൽ ഉള്ളതാണെന്നു് ഇപ്പോൾ വ്യക്തമായല്ലോ.

"ഉത്തമസ്ത്രീകളുടെ വൃത്തിചൊല്ലാം തങ്ങൾ-
ക്കൊത്തവണ്ണം നടന്നീടരുതെന്നുമെ
ഇത്തിരിയില്ലാത്തനാളിൽ ചെറുപ്പത്തി-
ലെത്രയും മാതാവെപ്പേടിച്ചിരിക്കണം

* * * * * * *

നാരിമാർ താന്തോന്നിമാരായ്നടന്നീടിൽ
പാരീരേഴിങ്കലും പാരം പഴിച്ചിടും."

മേൽ ഉദ്ധരിച്ചഭാഗം,

"പിതാ രക്ഷതി കൌമാരേ
ഭൎത്താ രക്ഷതി യൌവനേ
പുത്രോ രക്ഷതി വാൎദ്ധക്യേ
ന സ്ത്രീ സ്വാതന്ത്ര്യമൎഹതി."

എന്ന മാനവപദ്യത്തെ, കവി മനസ്സിൽ വച്ചുകൊണ്ടെഴുതിയതായിരിക്കണം. ബാല്യദശയിൽ പിതാവിനുപകരം മാതാവിനെ രക്ഷിപ്പാനേല്പിച്ച കവിക്കു്, വാൎദ്ധക്യത്തിൽ പുത്രനുപകരം പുത്രിയെ ഏല്പിക്കാമായിരുന്നു.

„ദുശ്ശീലോ ദുർഭഗോ വൃദ്ധോ
ജഡോ രോഗ്യധനോ/ഽപി വാ,
പതിഃ സ്ത്രീഭിന്ന ഹാതവ്യോ
ലോകേപ്സുഭിരപാതകീ."

എന്നുള്ള ഭാഗവതശ്ലോകത്തെ കവി,

„കുത്സിതനെങ്കിലും ദുർഭഗനെങ്കിലും
വിത്തമില്ലെങ്കിലും വിദ്യയില്ലെങ്കിലും
ദുഷ്ടനെന്നാകിലും രോഗിതാനെങ്കിലും
ഭർത്താവിനേക്കളഞ്ഞീടരുതാരുമെ."

എന്നു പരിവൎത്തനം ചെയ്തിരിക്കുന്നു.

അപാതകിയായിരിക്കുന്ന പതി, അതായതു ബ്രഹ്മഹത്യാദിമഹാപാപം ചെയ്യാത്തവനായ ഭൎത്താവ, ഉപേക്ഷ്യനല്ലെന്നാണു മൂലശ്ലോകത്തിൻെറ താല്പൎയ്യം ബ്രഹ്മഹത്യാദിപാതകമുള്ള പതിയെ അടുത്തിരുന്നു സേവിക്കരുതെന്നും ദൂരെ ഇരുന്നു സേവിച്ചുകൊള്ളണമെന്നും സ്മൃതിവചനമുണ്ട്.

„ആവിശുദ്ധേഃ പ്രതീക്ഷ്യോ ഹി
മഹാപാതകദൂഷിതഃ."

ഈ സ്മൃതിവാക്യത്തെ മനസ്സിൽ വച്ചുകൊണ്ടാണ് അപാതകീ എന്നു മൂലത്തിൽ പ്രയോഗിച്ചതു് എന്നു ധരിച്ചുകൊള്ളുകയും വേണം.

ഭക്തിലഹരിയിൽ മതിമറന്നെഴുതുന്നതു കാണ്ക.

„മത്തനാമാന പിടികൾ ചുഴലവേ,
മട്ടലർബാണനും നല്ലാർ ചുഴലവേ,
മദ്ധ്യേ മുഴുമതി താരകൾ ചൂഴവേ"

* * * * * *

* * * * * *

ഈ വരികൾ ചേതോവികാരജനകങ്ങളത്രേ.

ഭഗവാനന്തൎദ്ധാനം ചെയ്യുവാനുള്ള കാരണവും ഗോപിമാരുടെ വിരഹദുഃഖവും മൂന്നാം പാദത്തിൽ വൎണ്ണിച്ചിരിക്കുന്നു.

„മാലത്യദൎശി വഃ കച്ചി-
ന്മല്ലികേ! ജാതിയൂഥികേ!

പ്രീതിം വോ ജനയൻ യാതഃ
കരസ്പർശേന മാധവഃ ?"

എന്നുള്ള മൂലത്തിലെ ആശയത്തെത്തന്നെ കവി,

"മല്ലികേ! എന്റെ മനംകവൎന്നു കൊണ്ടുപോയ
വല്ലഭൻതന്നെയുണ്ടോകണ്ടു നീ ചൊല്ലു തോഴ!
മുല്ലേ! നീ കണ്ടുവെങ്കിലെന്നോടു വേറെചൊല്ലു
മല്ലപ്പൂവമ്പൻ തല്ലിക്കൊല്ലുന്നതിനുമുൻപേ"

എന്നിത്യാദിയായ പലഭാഗങ്ങളും മൂലത്തെ ഏകദേശം അനുകരിച്ചുതന്നെ എഴുതിയിരിക്കുന്നു.

"അനയാഽഽരാധിതോ നൂനം
ഭഗവാൻ ഹരിരീശ്വരഃ,
യന്നോ വിഹായ ഗോവിന്ദഃ
പ്രീതോ യാമനയദ്രഹഃ"

എന്നുള്ള മൂലശ്ലോകത്തെ സ്മരിച്ചുകൊണ്ടാണ് കവി,

"നല്ലതു പണ്ടേയവൾ വേണ്ടുവോളവും ചെയ്തു-
ള്ളല്ലായ്കിലുണ്ടോ നമ്മേ വേർപെടുത്തവളേയും
മെല്ലെന്നു കൂട്ടിക്കൊണ്ടു മല്ലാരിപോയീടുന്നു."

എന്ന് എഴുതിയിരിക്കുന്നത്. ഭഗവാന്റെകൂടെ സഞ്ചരിക്കുന്ന സ്ത്രീ, ഭഗവാനെ നല്ലവണ്ണം ആരാധിച്ചിട്ടുള്ളവളാണെന്നു പറയുന്നതോടുകൂടിത്തന്നെ, രാധയുടെ പേരും ഗോപസ്ത്രീകൾ അറിയാതെ പറഞ്ഞുപോയി.

"പിന്നെയക്കാർവർണ്ണനെ സ്തുതിച്ചും ചിന്തചെയ്തും
നിന്നവരൊക്കെക്കൂടിയീവണ്ണം പറഞ്ഞിതു."

എന്നുതുടങ്ങുന്ന ഭാഗമാണു മുപ്പത്തൊന്നാമദ്ധ്യായത്തിലുൾപ്പെട്ട "ഗോപികാഗീത"യുടെ സാരം. ഗോപികളുടെ പ്രലാപത്തോടുകൂടി തൃതീയപാദം അവസാനിക്കുന്നു.

ചതുൎത്ഥപാദത്തിൽ അവരെ ഭഗവാൻ സാന്ത്വനപ്പെടുത്തി, അവരുടെ ചോദ്യങ്ങൾക്കു സമാധാനംപറഞ്ഞു്, ഭക്തിമാൎഗ്ഗത്തെ വിശദീകരിക്കുന്നു. ഇത്രയും മുപ്പത്തിരണ്ടാംഅദ്ധ്യായത്തിലടങ്ങിയ കഥാസാരമാണ്. മുപ്പത്തിമൂന്നാമദ്ധ്യായത്തിലെ രാസക്രീഡാവൎണ്ണനത്തെ നാലാംപാദത്തിന്റെ അവസാനത്തിൽ ചുരുക്കമായി എഴുതിച്ചേൎത്തു കവിയും ഗ്രന്ഥസമാപ്തി ചെയ്യുന്നു.

"സേവിക്കുന്നോരെക്കൂടെസ്സേവചെയ്യുന്നു ചിലർ
സ്സേവിക്കയില്ലാ ചിലർ തന്നെസ്സേവിക്കുന്നോരെ
സേവിക്കുന്നവരേയും സേവചെയ്യാതോരേയും
സേവിയാ ചിലരതിൻകാരണം ചൊല്ലു നാഥ!"

എന്ന ഗോപസ്ത്രീകളുടെ ചോദ്യവും അതിന്നു ഭഗവാൻ പറയുന്ന ഉത്തരവും മൂലശ്ലോകങ്ങൾ ഉദ്ധരിച്ചു മുമ്പേതന്നെ വ്യക്തമാക്കി കാണിച്ചിട്ടുണ്ട്.

ഇനി സ്വല്പം പറവാനുള്ളതു കവിതയെക്കുറിച്ചാകുന്നു. കൃഷ്ണലീല, മൂലത്തിൻെറ നേരു തർജ്ജമയൊന്നുമല്ല. ഭാഗവതം പലതവണയും വായിച്ചു രസിച്ചിട്ടുള്ള കവിയുടെ ഹൃദയം കവിഞ്ഞൊഴുകുന്ന വാഗ്ധാരിയാണ് കൃഷ്ണലീലയെന്ന പാട്ട്. ഭക്തി പ്രധാനമായ ഈ ഗാനത്തിൽ കവി ശബ്ദത്തിലോ, വൃത്തനിയമജന്യമായ കൎണ്ണാനന്ദത്തിലോ, നിഷ്കൎഷചെയ്തിട്ടുള്ളതായി പറവാനില്ല. തൻെറ മനസ്സിൽ ഏതേതുസമയത്ത് ഏതേതുമാതിരി ആശയങ്ങൾ, വെള്ളത്തിലെത്തിര തള്ളിവരുംപോലെ തുള്ളിക്കളിക്കുന്നുവോ, കവി, അവയെല്ലാം അതാതുമാതിരി പ്രദൎശിപ്പിക്കുകമാത്രമേ ചെയ്തിട്ടുള്ളു. എന്നാൽ ഹൃദയത്തിൽനിന്നു തന്നേ പുറപ്പെട്ടവയായതുകൊണ്ട് ആശയങ്ങൾ മററുള്ളവരുടെ ഹൃദയങ്ങളെക്കൂടി സ്പൎശിക്കുവാൻ സമൎത്ഥങ്ങളായിത്തീൎന്നു. കവിയുടെ ഭക്തിവിശേഷംകൊണ്ടു സിദ്ധിച്ചിട്ടുള്ള ഒരാപാതരമണീയത്വം ഇതിൽ നിസൎഗ്ഗസിദ്ധമായിക്കാണുന്നുണ്ട്.

ഈ കവിതക്കു ചുരുങ്ങിയതു് ഇരുന്നൂററമ്പതുകൊല്ലത്തിലധികം പഴക്കമുണ്ടെന്നു തീൎച്ചയാണ്. 'പൊന്നെഴുത്തുടയാട'യും 'അച്ഛച്ഛോ', 'അമ്മമ്മാ' മുതലായ പ്രയോഗങ്ങളും 'ചംപൂ'കാലത്തോടടുത്തുള്ള കാലത്തെത്തന്നെ സൂചിപ്പിക്കുന്നു.

"കൃഷ്ണലീല"യുടെ കൎത്താവാരാണെന്ന് അറിവാൻ യാതൊരു മാൎഗ്ഗവും കാണുന്നില്ല. കവിയെക്കുറിച്ചു യാതൊന്നുംതന്നെ കവിതയിലോ ആദൎശഗ്രന്ഥത്തിലോ പറഞ്ഞിട്ടില്ല. അജ്ഞാതനാമാവായ കവി ആരുതന്നെയായാലും ശ്രീകൃഷ്ണഭക്തനായിരുന്നു എന്നു തീൎത്തുപറയാവുന്നതാണ്.

രണ്ടു് ആദൎശഗ്രന്ഥങ്ങളെ ഒത്തുനോക്കിയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതു്. അതിൽ ഒന്ന് ഉദയംപേരൂർ ചാത്ത

മംഗലത്ത് ബ്രഹ്മശ്രീ നാരായണൻസുബ്രഹ്മണ്യൻ നംപൂരി അവർകളുടെ പക്കൽനിന്നു കിട്ടീട്ടുള്ള താളിയോലഗ്രന്ഥവും, മറേറതു കുടമാളൂർ തെക്കേടെത്തു ബ്രഹ്മശ്രീ ചെറിയവാസുദേവൻ ഭട്ടതിരിപ്പാടവർകൾ അയച്ചുതന്ന കയ്യെഴുത്തുപുസ്തകവുമാകുന്നു. ഇവ രണ്ടും പ്രായേണ ശുദ്ധമായിരുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. താളിയോലഗ്രന്ഥം കാഴ്ചയിൽ മുന്നൂറു സംവത്സരത്തെ പഴക്കം തോന്നിക്കുന്നുണ്ട്.

രാസക്രീഡയെക്കുറിച്ചു ശ്രീമദ്ഭാഗവതത്തിൽ

„വിക്രീഡിതം വ്രജവധൂഭിരിദഞ്ച വിഷ്ണോഃ
ശ്രദ്ധാന്വിതോഽനുശൃണുയാദഥ വർണ്ണയേദ്യഃ,
ഭക്തിം പരാം ഭഗവതി പ്രതിലഭ്യ കാമം
ഹൃദ്രോഗമാശ്വപഹിനോത്യചിരേണ ധീരഃ."

എന്ന ശ്രീവേദവ്യാസൻെറ വചനത്തെക്കൊണ്ടുതന്നെ ഇതിനെ സമാപിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൧൧൦൦ കർക്കടകം ൩൦-ാനു

കെ. ശങ്കരമേനോൻ.

ശ്രീ

# കൃഷ്ണലീല

(രാസക്രീഡ)

---

## പ്രഥമപാദം.

(കേക)

ശ്രീമഹാഗണപതിയായുള്ള പരനെ ഞാൻ
കുമ്പിട്ടു കാവർണ്ണന്റെ കഥകൾ പറയുന്നേൻ;
എനിക്കോ ഭഗവാന്റെ കളികളോരോതരം
നിനച്ചാൽ മനതാരിൽ കുഴപ്പം കാണാഞ്ഞിട്ട്.
അമൃതിൻധാരപോലെ മധുരം കുഴലൂതും
കാർമുകിൽവണ്ണൻതന്നെ കാണ്മനോ മാലോകരേ!
ഗോപന്മാരിലുമയ്യോ! ഗോപിമാരിലുമേററം
കാരുണ്യംതേടും പരദൈവത്തെക്കാണാകേണം.
കാനലിൽ കളിക്കുമാപ്പൈതങ്ങൾ പലർകൂടി
കായ്കനിയതും തിന്നു, കായെറിഞ്ഞതും കൊണ്ടു,
കൈനകം പെട്ടും പിന്നെത്തങ്ങളിലൊരുനേരം,
കൂത്താട്ടമൊരുനേരം, കാത്തീട്ടുമൊരുനേരം,
ചാടീട്ടുമൊരുനേരം,ഓടീട്ടുമൊരുനേരം,
പാടീട്ടുമൊരുനേരം, കൂകീട്ടുമൊരുനേരം,
കാടുകൾതോറും നീളെയീവണ്ണം നാളിൽ മേവു-
മാനായപ്പൈതൽതന്നെയെപ്പൊഴും കാണാകേണം.
ബാലനായ്ചമഞ്ഞൊരു കാലത്താക്കാവർണ്ണന്റെ
ലീലകളോരോതരമെപ്പൊഴും കാണാകേണം.
കാരുണ്യമൂർത്തിതന്റെ കാരുണ്യം കൊണ്ടിട്ടോരോ
നേരത്തെക്കളികളിതൊക്കവേ കാണാകേണം.
പൂതന മുലനഞ്ചു നാഥനു കൊടുത്തപ്പോൾ
പ്രീതനായ്ചമഞ്ഞൊരു ദൈവത്തെക്കാണാകേണം.
പിച്ചനിന്നിട്ടു മെല്ലെ നടപ്പാൻ തുനിയുമ്പോ-
ളച്ഛൻ ചെന്നെടുത്തയ്യോ! മുഖത്തു നുകവ്ത്തും

G. P. T. 4582. 1000. 9-1-101. B

അമ്മ തന്മടിയിൽ വെച്ചാലോലിച്ചീടും നേര-
"മ്മെമ്മമ്മാ" വിതുമ്പിപ്പുഞ്ചിരിയും കാണാകേണം.
കൊഞ്ചിക്കൊണ്ടെടുത്തമ്മ ചാഞ്ചാടിച്ചീടുന്നേരം
പുഞ്ചിരിതൂകിക്കളിക്കുന്നതും കാണാകേണം.
നാലു മൂന്നടിവച്ചു വിയച്ചു നടന്നീടും
കാലത്തുള്ള് ബാലഭാവമൊക്കവേ കാണാകേണം.
അംബുജക്കരുന്നുകൈകൊണ്ടയ്യോ! മെല്ലെ മെല്ലെ-
"നമ്പിളിയമ്മാവാ! വാ"യെന്നതും കാണാകേണം.
കള്ളനായ് വെണ്ണ കവർന്നമ്മാനങ്ങമ്പാടിത-
ന്നുള്ളിൽ പോയൊളിച്ചുള്ള നടപ്പും കാണാകേണം.
ആച്ചിമാരമ്മതന്നോടന്യായം ചൊല്ലുന്നേര-
മച്ചിരിയായിട്ടുള്ള ഭാവങ്ങൾ കാണാകേണം.
കെട്ടുവാനമ്മ കോപിച്ചെത്തുന്ന നേരം കണ്ണൻ
കണ്ണുനീർ തൂകിക്കരയുന്നതും കാണാകേണം.
കാലികളേയും മേച്ചു കാട്ടകൾതോറും തന്റെ
ബാലഭാവത്തിൽ കളിക്കുന്നതും കാണാകേണം.
കാണുന്ന ജനത്തിനു കല്യാണം കൊടുത്തീടും
കായാമ്പൂമേനിയുമിങ്ങെപ്പൊഴും കാണാകേണം.
കാലികൾകുളമ്പിലെഴ്ധൂളികൊണ്ടൊരുനിറം-
തേടുമപ്പൂരികുഴലെപ്പൊഴും കാണാകേണം.
ഭംഗിയിൽ പുലരിയിലമ്മമാരണിഞ്ഞീടും-
കുംകുമത്തൊടുകുറിയെപ്പൊഴും കാണാകേണം.
അഞ്ചമ്പൻ കുലവില്ലെ നെഞ്ചിട്ടു മണ്ടിച്ചീടും-
ചഞ്ചലക്കുനുചില്ലിയെപ്പൊഴും കാണാകേണം.
കാരുണ്യക്കടൽ തള്ളിച്ചാടീട്ടീ ലോകം മുങ്ങും
താമരക്കണ്ണൻകണ്ണുമെപ്പൊഴും കാണാകേണം.
എൾപ്പൂവിൻനെറിതന്നെക്കല്ലാലേ കെടുത്തീടും-
ചില്ലമാൻതിരുമൂക്കുമെപ്പൊഴും കാണാകേണം.
തോളിടഞ്ഞൂയലാടി ക്കൈവള്ളിണയോടുരുമ്മും
പോർമണിക്കുണ്ഡലങ്ങളെപ്പൊഴും കാണാകേണം.
ചെന്തൊണ്ടി, പവിഴം, ചെമ്പല്ലവ, മന്തിമുകിൽ-
കുമ്പിടുന്നധരവുമെപ്പൊഴും കാണാകേണം.
പാൽത്തുള്ളിനിരപോലെ മെത്തീടും തിരുദന്ത-
മുത്തുകൾ വിളങ്ങുന്നതെപ്പൊഴും കാണാകേണം.

ആനായസ്ത്രീകളുടെ മാനസം വഞ്ചിച്ചീടും-
പുഞ്ചിരിത്തൂനിലാവുമെപ്പൊഴും കാണാകേണം.
ആനായപ്പെണ്ണുങ്ങളുമായിട്ടു കാടുതോറും
ചേണേലും കുഴൽ വിളിക്കുന്നതും കാണാകേണം.
ഗോപപ്പെൺചകോരികാക്കാനന്ദം വളർത്തീടും-
കോമളത്തിരുമുഖമെപ്പൊഴും കാണാകേണം.
ഓമനക്കഴുത്തുമക്കോമളവനമാല-
യാടീടും തിരുമാറുമെപ്പൊഴും കാണാകേണം.
ആനായക്കന്നിമാർ തൻമാറിടേവച്ചു മാര-
മാലടക്കീടും തൃക്കൈയെപ്പൊഴും കാണാകേണം.
കിലുങ്ങും തരിവള, വിരലിൻനിരകളിൽ
വിളങ്ങും മോതിരങ്ങളെപ്പൊഴും കാണാകേണം.
ചുവന്നോരിളംതളിരൊളിവാർ വിരവോടെ
കവർന്നോരുള്ളങ്കയ്യുമെപ്പൊഴും കാണാകേണം.
ആലിലയോടുനേരേ നേരിട്ടുമുദരവും
വാറെഴും വലികളുമെപ്പൊഴും കാണാകേണം.
പൊന്നരഞ്ഞാണങ്ങളും മഞ്ഞപ്പട്ടുടയാട
മിന്നുമാജ്ജ്വലനവുമെപ്പൊഴും കാണാകേണം.

(കല്യാണീ കളവാണി—മട്ടു)

മരതകസ്തംഭത്തിനും കരിവരതുമ്പിക്കൈക്കും
കറവേകും തിരുത്തുടയെപ്പോഴും കാണാകേണം.
വരചെപ്പുമുരയെപ്പാനരിമപ്പെട്ടുടിക്കുപ്പി-
ച്ചുരുളുമാ മുഴങ്ങഴലെപ്പോഴും കാണാകേണം.
അലർശരത്തൂണീരവും മലർനിരയിട്ടു കുപ്പും
നലമെഴും കണങ്കാലുമെപ്പോഴും കാണാകേണം.
മലരടി തൊഴുന്നോർതന്നകമലർ തെളിയിച്ചു
വിലസീടും വിരൽനിരയെപ്പോഴും കാണാകേണം.

(കേക)

സേവിക്കും ജനത്തിൻെറ താപത്തെക്കളവാനായ്
മേവിടും നഖമണിയെപ്പോഴും കാണാകേണം.
കാൽവിരൽ, മോതിരങ്ങൾ ശോഭയും ചെമ്പരത്തി-
പ്പൂവൊത്തൊരുള്ളംകാലുമെപ്പോഴും കാണാകേണം.

ഗോപികൾ മാരമാല്യ മാററുവാൻ മാറിൽവെച്ച
മാനിക്കും കഴൽത്താരുമെപ്പോഴും കാണാകേണം.
എല്ലാക്കും കണ്ടുകണ്ടൊരാനന്ദം വളൎത്തുവാ-
നല്ലൊരു തിരുമേനിയെപ്പോഴും കാണാകേണം.

ഇതി പ്രഥമപാദം.

---

അഥ ദ്വിതീയപാദം.

(കാകളി)

ഉമ്പർ പുരാനുമൊരുനാൾ വനങ്ങളെ-
ക്കണ്ടു മലർവിരിഞ്ഞുള്ള പൂവല്ലികൾ,
മല്ലിക, നല്ല കുറുമൊഴി, ചേമന്തി,
മുല്ലകൾ, കാനകൈനാറികൾ, കൈതകൾ,
ചെമ്പകം, നല്ലോരിലഞ്ഞികൾ, മററുമീ-
നമ്മലർ നീളെ വിരിഞ്ഞു മണംപെയ്യും,
വൻപുകൾ പൂണ്ടു മുരണ്ടു വണ്ടിണ്ടകൾ
സംഭ്രമമാണ്ടു കളിക്കും കളികളും,
മോഹനനായ കുളൂർമതി തൂനിലാ-
വാകെ വിതച്ച നിറത്തിലുദിച്ചതും,
കണ്ടു മദനാഹരൻ നന്ദകുമാരനു-
മന്നു കുഴലെടുത്തൊന്നു വിളിച്ചപ്പോൾ,
വന്നൊരുടനുടൻ പാട്ടുകേട്ടു ഗോപ-
സുന്ദരിമാരുമാ വൃന്ദാവനംതന്നിൽ.
തങ്ങടെയുററോരുടയോർ്റിയാതെ,
തങ്ങളിൽത്തങ്ങളിലാരുമറിയാതെ,
പെററമ്മയച്ഛനവരുമറിയാതെ,
ഉററവരൊട്ടു തടഞ്ഞതും കേളാതെ,
കുററമിതിനുണ്ടെന്നമ്മചൊൽ കേളാതെ,
രാത്രിയിൽ പേടിയാമെന്നതറിയാതെ,
പോയ്ചെന്നു ഗോപിമാർ നന്ദകുമാരനെ-
ച്ചേൎച്ചയിൽകൈക്കൂപ്പി നിന്നാർ ചുഴലവെ.
മറ്റലർബാണനുടനുടനെയ്തിട്ടു
കൂൎത്തുമൂൎത്തുള്ള ശരങ്ങൾ തറച്ചവർ
ആൎത്തിതളൎത്തണിമാൎവ്വിലണച്ച "യ്യോ!
കാത്തുകൊള്ളേണ"മെന്നാശ്രയിച്ചീടിനാർ.

അക്കയൽക്കണ്ണിമാരിൽ ചിലക്കങ്ങകം-
പുക്ക തൻഭർത്തൃശുശ്രൂഷണം ചെയ്കയാൽ
അക്ഷണം പോന്നുക്രുടായ്കകൊണ്ടേത്രയും
ദുഃഖമുൾക്കാമ്പിൽവന്നേററം മുഴുത്തിതു.
അന്തമില്ലാതൊരു സന്താപവേരായ
ചെന്തീക്കനൽക്കട്ട പൊട്ടിത്തെറിക്കയാൽ
വെന്തുരുകി ക്ഷണംകൊണ്ടു പാപക്ഷയ-
മന്തരംക്രൂടാതെ വന്നൊരുനേരത്തു
ചൂതബാണായുധം മെയ്യിലേറെറത്രയു-
മാധിപൂണ്ടാദരാൽ നാഥനെക്കാനന്തേ
ചേതസാ ചിന്തചെയ്കന്തരംക്രൂടാതൊ-
രാനന്ദമുണ്ടാകകൊണ്ടു പുണ്യക്ഷയം
ഉണ്ടായനേരത്തു, വേരോടേ കമ്മങ്ങൾ
രണ്ടുവകകളും നന്നായിപ്പോയപ്പോൾ,
ചിന്മയനായ് പരബ്രഹ്മസ്വരൂപിയാ-
മമ്മുകിൽവണ്ണങ്കൽ ക്രൂടിനാരന്നവർ.

മാലോകരേ! നിങ്ങൾ കേൾപ്പിൻ! ഭഗവാൻെറ
ശീലവും കാരുണ്യത്തിൻെറ പെരുപ്പവും
കാലംകളയാതെയേവനും തന്നുടെ
രൂപത്തെച്ചിന്തിച്ചു ചിന്തിച്ചിരിക്കുമ്പോൾ
സങ്കടം നീങ്ങുമാറാക്കീട്ടവുക്കേററം
മംഗളം നല്കും ഭഗവാന്നുടൻതന്നെ.
സംഗംകൊണ്ടെങ്കിലും, പേടികൊണ്ടെങ്കിലും,
സ്നേഹംകൊണ്ടെങ്കിലും, ദ്വേഷംകൊണ്ടെങ്കിലും,
ഇന്ദിരാവല്ലഭനായ ഭഗവാനെ-
ച്ചിന്തിച്ചാൽ വല്ലോക്കമേകിടും മോക്ഷത്തെ.

ഇന്നിയും കേൾപ്പിൻ മാലോകരേ! ഗോപാല-
തന്വിമാർ വന്നൊരു നേരത്തെ വാത്തകൾ.
പങ്കജലോചനൻ താന്തമാത്തന്വിമാർ-
തങ്ങളേ വന്നതു കണ്ടരുൾചെയ്തിതു.
„മങ്കമാരേ! നിങ്ങളിപ്പോൾ വരികകൊ-
ണ്ടേററമിനിക്കു സുഖം മുഴുത്തീടുന്നു.
നിങ്ങടേയിഷ്ടത്തെയെന്തുപോൽ ചെയ്വു ഞാൻ?

സംകടമില്ലല്ലീയാമ്പാടിയിലേതും?
തങ്ങളേ രാത്രിയിൽ പോന്നതെന്തിങ്ങനേ?
ഭംഗിയല്ലേത്രയുമിത്തൊഴിൽ നിങ്ങൾക്ക്.
പേത്ത്മീവെണ്ണിലാവോടിടചേൎന്നടൻ
പൂത്തപൂങ്കാവുകൾ കാണ്മതിന്നല്ലല്ലീ?
പാൎത്തുവല്ലോയിനി പ്പോവിനമ്പാടിയിൽ;
വാൎത്തയറിയാഞ്ഞുടയോരുഴലുന്നു.
എന്നിൽ മനതാരഴിഞ്ഞതുകൊണ്ടത്രേ
തമ്പിമാരേ! നിങ്ങൾ വന്നു,വതുംചേരും;
എന്നിലഴിയാതോരാരീബ്ഭുവനത്തിൽ?
തന്നെത്താൻ വേണ്ടാത്ത ജന്തുക്കളില്ലെങ്ങും.
ഇന്നിയുമൊന്നങ്ങു നിങ്ങളറിയേണ്ടു
തമ്പിമാരേ! പറഞ്ഞിട്ടുവൻ കേട്ടാലും.
ഉത്തമസ്ത്രീകടേ വൃത്തി ചൊല്ലാം തങ്ങൾ-
ക്കൊത്തവണ്ണം നടന്നീടരുതെന്നുമേ
ഇത്തിരിയില്ലാത്തനാളിൽ, ചെറുപ്പത്തി-
ലെത്രയും മാതാവേപ്പേടിച്ചിരിക്കണം.
ഭത്താവെപ്പേടിച്ചു ശംകിച്ചിരിക്കണ-
മെത്രയും പാരമാം യൌവനത്തിങ്കലും.
പുത്രനെപ്പേടിപ്പു പിന്നെ വാൎദ്ധക്യപ-
ക്കെത്രയും വൃദ്ധമാരായിച്ചമഞ്ഞാലും.
നാരിമാർ താന്തോന്നിമാരായ്‌നടന്നീടിൽ
പാരീരേഴിങ്കലും പാരം പഴിച്ചിട്ടും.
സാരതയില്ലാത്ത നാരിമാരെത്രയും
പോരായ്മചേക്കും തനിക്കും കുലത്തിനും.
എന്നാൽ വധൂജനം ഭൎത്തൃശുശ്രൂഷണം
നന്നായ്‌കരുതണമേതും മടിയാതെ.
തന്നുടെ ഭത്താവു തന്നുടെയീശ്വര-
നെന്നുതന്നേ നിനച്ചീടണം നാരിമാർ.
കുത്സിതനെങ്കിലും ദുർഭഗനെങ്കിലും
വിത്തമില്ലെങ്കിലും വിദ്യയില്ലെങ്കിലും
ദുഷ്ടനെന്നാകിലും രോഗിതാനെങ്കിലും
ഭത്താവിനെക്കളഞ്ഞീടരുതാരുമെ."

എന്നരുൾചെയ്തതു കേട്ടോരു ഗോപിമാർ
തന്നെത്താനേ മറന്നൊന്നുമറിയാതെ,
കണ്ണുനീർ വാർത്തു, മനം കുലഞ്ഞേത്രയും
നിന്നാർ മുഖാംബുജം താഴ്ത്തിത്തിരുമുമ്പിൽ.
നില്ലാതെവന്നോരു കണ്ണുനീർ തൻകര-
പല്ലവംകൊണ്ടു തുടപ്പതുംചെയ്തിട്ടു്,
മെല്ലെമെല്ലെന്നവർ പിന്നെയുണർത്തിനാർ
വല്ലവിമാരുമാ വല്ലഭൻ തന്നോടേ.
"ഉള്ളതു നീയിപ്പറഞ്ഞതു നിർണ്ണയം
നല്ലതറിഞ്ഞത്രേ വന്നുവീ ഞങ്ങളും.
ഇല്ലാതൊന്നത്രേയിപ്പാരീരേഴ്,മതി-
ലുള്ളതായ്നില്പതും മായനേ! നീ പോലും,
ഈ ലോകത്തിൻെറ പുറമേയകമേയും
നീളെ നിറഞ്ഞുപോൽ നീയിരുന്നീടുന്നു:
കാലനായൊക്കെ മുടിപ്പതും നീ, യിതിൻ-
മൂലമായൊക്കെച്ചമപ്പതും നീപോലും,
കേവലനായതും നീപോലുമെല്ലാർക്കും,
ജീവനായുള്ളിലിരിപ്പതും നീപോലും,
ഈവണ്ണമാകയാൽ ഭർത്താവാം നിന്നുടെ
സേവ ചെയ്യുന്നല്ലി ഞങ്ങൾക്കു നല്ലതു?"
ഇത്തൊഴിൽ ഗോപിമാർ ചൊന്നതു കേട്ടാരേ
പാർത്തലം പാടേ ഭരിക്കും പരദൈവം
അക്കയൽക്കണ്ണിമാർതന്നിൽ കൃപപൂണ്ടി-
"ട്ടുക്കണക്കാകട്ടെ"യെന്നു മുകിൽവർണ്ണൻ
ചിക്കെനെക്കാടുകൾതോറും നടന്നവ-
രൊക്കെക്കളിച്ചിതു ലക്ഷ്മീകണവൻ.

എന്തുപറവതു നന്ദസുതനുമാ-
സ്സുന്ദരിമാരുമായുള്ള കളികളെ;
പേടിപൂണ്ടോടിയുഴലുംമറിമാനിൻ-
പേടമിഴിയെപ്പഴിച്ചമിഴികളെ-
ത്തേടും മധുമൊഴിമാരുമായ്കാർവർണ്ണൻ
പാടിക്കളിക്കുന്ന കോപ്പുകൾ തോന്നുന്നു!
ചാവേ കളിക്കുന്ന നേരം വള, തള,

താലികൾ, മാലകൾ, പൊന്നംചിലമ്പുകൾ,
നാലഞ്ചു പൊന്നരഞ്ഞാണങ്ങൾ, മോതിരം
തങ്ങളിൽത്തട്ടിയിടഞ്ഞുള്ളൊരൊച്ചയും,
„തിത്തൈത്തെ"യെന്നൊത്തുകൈത്തളിർത്താളവു-
മൊത്തു കലാശങ്ങൾക്കൊത്തു കാൽത്താളവും,
വിസ്മയം നീളേ വിതച്ചു വിതച്ചവ-
രൊത്തിടക്കൂടീതു പാരിടമൊക്കവേ.
മത്തനാമാന പിടികൾ ചുഴലവേ,
മട്ടലർബാണനും നല്ലാർചുഴലവേ,
മദ്ധ്യേ മൃഗമതി താരകൾ ചൂഴവേ,
മന്ദം കളിക്കുന്ന പോലെ പരേശനും
സുന്ദരിമാരോടിടയിട്ടുകൂടിനാൻ.
എന്നതുമിപ്പോൾ ശിവശിവ! തോന്നുന്നു
വിസ്മയം വിസ്മയം, കേൾപ്പിൻ! മാലോകരേ!
കാർമുകിൽ മിന്നലിടകലരുംവണ്ണം,
പൊന്മണിമാലയും നീലമണികളും
തമ്മിലിടയിടേ മിന്നുന്നപോലെയും,
ചെമ്മേ വിടരുന്ന ചെംകമലങ്ങളിൽ
വെണ്മയിൽ നീലമലർനിര പോലെയും
ഒണ്മയായ് നില്ക്കും പുരാനമങ്ങാനായ-
പ്പെണ്മണിയൊന്നിടയിട്ടു ശിവശിവ!
മന്മാ കളിക്കും കളിക്കുളോരോതര-
മെന്മനതാരിലുടനുടൻ തോന്നുന്നു.
അത്തരുണികളും കാർമുകിൽവണ്ണരു-
മൊത്തുകൊണ്ടിത്തൊഴിലെത്രപ്രകാരത്തിൽ;
മെത്തും കളികളിതൊക്കവേ തോന്നുന്നു
ചിത്തം തെളിഞ്ഞിന്നു കേൾപ്പിനിവാർത്തകൾ.

ഇതി ദ്വിതീയപാദം.

---

## അഥ തൃതീയപാദം.

(കേക)

ഓരോരോ കളികൾകൊണ്ടാനന്ദം വളർന്നൊരു
നേരത്താരാറന്കാരമുണ്ടായീ മങ്കമാർക്കു.

നാഥനമതുമൂലം കാനലിൽ മറഞ്ഞിതു
മാതരും മനംകുലഞ്ഞാരാഞ്ഞാർ കാട്ടുതോറും.
കാണായില്ലൊരേടത്തും നാഥനെയവർക്കയ്യോ!
നാണത്തെ വെടിഞ്ഞവർ ചോദിച്ചാർ പലരോടും.
"മല്ലികേ!യെന്റെ മനം കവർന്നുകൊണ്ടുപോയ
വല്ലഭൻ തന്നെയുണ്ടോ കണ്ടു നീ ചൊല്ലു തോഴി?
മുല്ലേ! നീ കണ്ടുവെങ്കിലെന്നോടു വേറേ ചൊല്ലു
മുല്ലപ്പൂവമ്പൻ തല്ലിക്കൊല്ലുന്നതിന്നുമുൻപേ.
ചൊല്ലേണം ചെമ്പകമേ!യൻപുണ്ടു നിനക്കെങ്കിൽ
മാലതി! നന്ദഗോപബാലനെക്കണ്ടിതോ നീ?
കൈതേ! ഞാൻ കൈതൊഴുന്നേൻ, കാന്തനെക്കണ്ടിതോ നീ?
കൈതവമുണ്ടവന്നു; ശീലവുമാകാ പണ്ടേ;
കാർമുകിൽവർണ്ണൻതന്നെക്കണ്ടിതോ വണ്ടുകളേ!
പണ്ടേയുണ്ടൊരുമ്പാടു നിങ്ങൾക്കും കാർവർണ്ണനും.
പണ്ടേതിലിച്ഛയില്ല മറ്റൊന്നു കാണുന്നേരം
നിങ്ങൾക്കും കാർവർണ്ണനുമിത്തൊഴിലൊന്നുതന്നെ.
കണ്ണനെയുണ്ടോ തോഴി! കണ്ടു നീ കുയിൽപ്പെണ്ണേ!
കണ്ണിലേ തോന്നുന്നു കാർവർണ്ണന്റെ പൂവലംഗം.
കണ്ടാവൂ! പുണർന്നാവൂ! പിന്നെയും മുകർന്നാവൂ!
ഉണ്ടലിങ്ങെനിക്കയ്യോ! പൊറുപ്പാൻ വേലയത്രേ.
പോകാതെ കിളിപ്പെണ്ണേ! നീ താനേ കണ്ടീലല്ലീ?
വൈകാതെ ചൊല്ലീടയ്യോ! താരമ്പൻ കൊല്ലുംമുമ്പേ.
അല്ലല്ല തോഴികളേ! കളവിനല്ലലെല്ലാം
വല്ലഭൻതന്റെ പാദപല്ലവമിതല്ലല്ലീ?
കല്യാണിയുണ്ടൊരുവൾ മല്ലാരിതന്നരികിൽ
നല്ലതുപണ്ടേയവൾ വേണ്ടുവോളവും ചെയ്താൾ!
അല്ലായ്കിലുണ്ടോ നമ്മെ വേർപെടുത്തവളെയും
മെല്ലെന്നു കൂട്ടിക്കൊണ്ടു മല്ലാരി പോയീടുന്നു?
നല്ലൊരുനേരത്തവൾ പിറന്നുവെന്നും വരു-
മാകാത്തനാൾ പിറന്നു നാമൊക്കെത്തോഴിമാരേ!.
ചെല്ലേണം നമുക്കിപ്പോൾ വല്ലാതെ നില്ലായ്കെടോ!
കൊല്ലുമീമലരമ്പനല്ലായ്കിൽ നമ്മെയെല്ലാം.
നാണവുമുണ്ടാകുന്നു കോപവുമുണ്ടെനിക്കു
മാനിനിതന്റെ ചുവടടുത്തു കാൺകകൊണ്ടു്.

അച്ചച്ചോ! അവരംചൊല്ലാലച്യുതൻ കാമമച്ചോററം
പിച്ചകപ്പൂപറിച്ചു കാഴ്ചയും വച്ചാൻ പിന്നെ.
ഇച്ഛരയിൽ മാലകെട്ടിച്ചൂടിച്ചാനവളുടെ-
യിച്ഛരക്കുതക്കവണ്ണം നിശ്ചയമിവിടേണ്ടു.
കാൽച്ചുവടേറെത്താണരണ്ടിവിടെക്കാണ്മിൻ, കണ്ണൻ
ചേച്ചയിൽത്തോളിൽ വച്ചിട്ടവളെച്ചുമക്കുന്നോൻ!
കാണ്മിനിക്കാർവർണ്ണൻെറ കാമഭ്രാന്തവരംതന്നി-
ലോമനിച്ചവരംതന്നെ മടിയിൽ കിടത്തുന്നോൻ.
വാർമെത്തും പുരികുഴൽ വിടുത്തു മലർനിര
ത്തുമയിൽച്ചൂടിച്ചതുമിവിടെക്കാണ്മിനയ്യോ!
ഓരോന്നേ കണ്ടു കണ്ടു സഹിച്ചു കൂടാതോളം
മാരമാൽ മനതാരിലെനിക്കു മുഴുക്കുന്നു.
താരമ്പനുടനുടനെയ്യുന്ന മലരമ്പു
മാറത്തു തറച്ചയ്യോ! പൊറുക്കാവതുമല്ലേ!
മല്ലാരിതൻെറ പാദപല്ലവം നോക്കി നോക്കി-
ച്ചെല്ലേണം നമുക്കിപ്പോൾ വല്ലാതെ നില്ലായ്കേടോ!'

എന്നവർ പറയുന്ന നേരമാ നാഥൻതൻെറ
പിന്നാലേ പോയവരംക്കുമുണ്ടായതഹങ്കാരം
"എന്നോളമാരുംപോരാ പെണ്ണുങ്ങരംപരിഷയിൽ
വെണ്മയുമെനിക്കെന്നു നിർണ്ണയം തന്നെയത്രേ"
ചൊന്നാളാബ് ഭഗവാനോടന്നേരം തെളിഞ്ഞവ-
"ളെന്നേ നീ വേണമെങ്കിലെടുത്തുകൊള്ളൂ"യെന്നു്.
എന്നതുകേട്ടു യദുനന്ദനനരുളംചെയ്തു
"എന്നുടെ കഴുത്തിൽ നീ കേറിക്കൊള്ളുകി"ലെന്നു്.
ഭംഗിയിലതു പറഞ്ഞീടുന്ന നേരമയ്യോ!
പങ്കജനയനനേ കണ്ടില്ലാത്തരുണിപോൽ.
അന്നേരമവരംക്കയ്യോ! വന്നൊരു പരിതാപം-
തന്നാലേ മെയ്കുഴഞ്ഞു ഭൂമിയിലുടൻ വീണാരം.
വല്ലവീജനങ്ങളും കാട്ടകം നീളെ നോക്കി-
ച്ചെല്ലുന്ന നേരമവർ കണ്ടാരക്കാമിനിയെ.
ചൊന്നാരന്നേരമവർ "കനൽക്കണ്ണാളേ! കണ്ണൻ
നിന്നെയും വെടിഞ്ഞാനോ കാരുണ്യം തേടീടാതെ?
പാരിലെങ്ങാനുമുണ്ടോയിവനെപ്പോലെയൊരു

നേരില്ലാത്തവൻ തോഴി! നീയറിഞ്ഞില്ലയല്ലീ?"
എന്നതുകേട്ടു പറഞ്ഞീടുന്നു മറ്റേവള-
"മെന്നിലെദ്ദോഷംതന്നെ കാരണമിതിനെന്നും.
ദോഷമില്ലിതിനേതും കാർമുകിൽവർണ്ണന്റെ
ദോഷത്വംകൊണ്ടുതന്നെ വന്നിതീയവസ്ഥകൾ,
കാരുണ്യത്തോടു കണ്ണൻ മാനിച്ചു തന്നെയെന്നും
നേരില്ലാഞ്ഞീയവസ്ഥ തനിക്കു വന്നുവെന്നും"
ഓരോന്നേയവൾ പറഞ്ഞീവണ്ണം കേട്ടനേരം
നാരിമാരവരൊക്കെയെത്രയും വിസ്മയിച്ചു.
തമ്പിമാരൊക്കെക്കൂടി പിന്നെയും കാട്ടുതോറും
കാർമുകിൽവർണ്ണനെയന്വേഷിച്ചുനടന്നിതു.
പിന്നെയക്കാർവർണ്ണനെ സ്തുതിച്ചും ചിന്തചെയ്തും
നിന്നവരൊക്കെക്കൂടെയീവണ്ണം പറഞ്ഞിതു.

"അത്തൽപ്പാടകററുവാൻ നീയൊഴിഞ്ഞാരുമില്ല;
നീയല്ലോ പാരിരേഴും പാലിച്ചു പോരുന്നതും;
നീയല്ലോ അഗതികൾക്കാശ്രയമാകുന്നതും;
നീയല്ലോ പാരിലെങ്ങുമൊന്നായി നിറഞ്ഞതും;
നീയല്ലോ പാമ്പത്തിന്മേൽ പള്ളികൊണ്ടീടുന്നതും;
നീയല്ലോ മറകൾക്കുമറിഞ്ഞുകൂടാത്തതും;
നീയല്ലോ നാൻമുഖവൻചൊല്ലാലേ പിറന്നതും;
നീയല്ലോ വസുദേവൻമകനായ് ചമഞ്ഞതും;
നീയല്ലോ ഒരു കയ്യാൽ മാമലയെടുത്തതും;
നീയല്ലോ കാട്ടുതീയെക്കുടിച്ചുകളഞ്ഞതും;
നീയല്ലോ കാളിയന്റെ മദത്തെക്കെടുത്തതും;
നീയല്ലോ ഓരോ പേടി ഞങ്ങൾക്കു പോക്കുന്നതും;
കാർവർണ്ണാ! ഞങ്ങളേ നീ കാത്തുകൊൾ തമ്പുരാനേ!
കാർകൊണ്ടൽക്കിണ്ടൽ നല്കും വാർകുഴൽ കാണാകേണം
ഉൾക്കമ്പമടക്കും തൃക്കൺമുഖം കാണാകേണം
താർമങ്ക കളിക്കും നിന്മാറിടം കാണാകേണം
ഭുജങ്ങളകററും തൃക്കൈകളും കാണാകേണം
മെലിയും കൊടിനടുവരയും കാണാകേണം
മഞ്ഞപ്പട്ടുടയാട കാഞ്ചികൾ കാണാകേണം
അത്തൽപ്പാടകററും നിൻ തുത്തുട കാണാകേണം

നല്ലതു നല്കും പാദപല്ലവം കാണാകേണം
കായാമ്പൂമേനിയോനേ! മായനേ! കാണാകേണം
ഭംഗിയിൽ കുഴലൂതുംഭംഗികൾ കാണാകേണം
വിശ്വമോഹനമായ പൂമേനി കാണാകേണം"
ഉപനിഷത്തുകളാം ഗോപസ്ത്രീജനങ്ങളാ-
ലീവണ്ണം സ്തുതിചെയ്യപ്പെട്ടൊരുനേരംതന്നെ
ലോകനാഥന്മാൎക്കെല്ലാം നാഥനായ്വിളങ്ങീടു-
മാനന്ദക്കടലായ ദേവകിപ്പൈതൽ തന്റെ
കാമദേവനെപ്പോലും കാമത്തെ വളൎക്കുമാ-
ക്കോമളത്തിരുമേനി തങ്ങടെ മുൻപിൽത്തന്നെ
മാമുനന്മാൎക്കുപോലുമാരോമൽത്തിരുമേനി
കാണ്മാനമെത്താത്തതും കണ്ടാരത്തരുണികൾ.
കൃഷ്ണനെക്കണ്ടനേരമംഗനമാൎക്കു വന്ന
സന്തോഷമെനിക്കൊക്കെയിപ്പോഴും തോന്നീടുന്നു.

ഇതി തൃതീയപാദം.

---

## അഥ ചതുൎത്ഥപാദം.

(കേക)

തണ്ടലർബാണൻ തോല്ക്കുമാരോമൽത്തിരുമേനി
കണ്ടൊരുനേരമെഴുന്നേററാരങ്ങൊരുമിച്ചു
കണ്ണനെക്കണ്ടുകണ്ടോരാനന്ദക്കടൽതന്നിൽ
തന്നെത്താനറിയാതെ നിന്നാളൊട്ടങ്ങൊരുനാരി;
നാഥന്റെ തിരുമുഖം കണ്ടുകണ്ടാനന്ദിച്ച-
തേതുമേ മതിയായില്ലന്നേരമൊരുത്തിക്കു;
സാധുക്കൾക്കകതാരുതന്നിലാബ്ഭഗവാന്റെ
പാദത്തെക്കണ്ടുകണ്ടിട്ടെന്നതുപോലെ തന്നെ.
മറെറാരുനാരി പരമേശന്റെ പൂവലംഗം
ദൃഷ്ടിയിലൂടെയകതാരിങ്കലാക്കിക്കൊണ്ടു
പെട്ടെന്നു സഞ്ചിന്തനം ചെയ്തുചെയ്താനന്ദിച്ചു-
ളൊട്ടേറെയവളയ്യോ! യോഗികളെന്നപോലെ;
ഞാനിപ്പോളടുത്തുപോയ് ചെല്ലുന്നില്ലെന്നൊരുത്തി;
നാണംപൂണ്ടവശയായ് കമ്പിട്ടാൾ മറെറാരുത്തി;
നേരിട്ടനേരം തന്നെ നേർമിഴിമുനയെന്നും-
പാരക്കുഴന്നുമെയ്യാൾ കോപംപൂണ്ടൊരുനാരി;

നാണിച്ചിട്ടവനിയിൽക്കാൽവിരൽകൊണ്ടെഴുതി-
ട്ടീനതപൂണ്ടുനിന്നാളന്നേരമൊരുനാരി.
അപ്പൊഴുതഖിലേശൻ ഗോപിമാരൊടുംകൂടി
യുൾപ്പൂവിൽ തെളിഞ്ഞേറെയാദരവോടുംകൂടെ,
പിന്നെയുമിടകൂടി മങ്കമാർമണികളും
കണ്ണനും കാളിന്ദിതൻ മണൽമേലിറങ്ങിനാർ.
അത്തരുണികളുമങ്ങാദരാൽ തങ്ങളുടെ-
യുത്തരീയങ്ങൾ വിരിച്ചിരുത്തീ കാർവർണ്ണനെ;
നിത്യവും പാരീരേഷ്യം ഭരിച്ചു കളിച്ചീട്ടു-
മുത്തമൻ തന്നെച്ചുഴന്നിരുന്നാരവർ പിന്നെ.
ചിത്തതാരിങ്കൽ മെത്തും കോപത്തെക്കുറെക്കുറെ
മുഗ്ദ്ധമാം മന്ദസ്മിതം തന്നിലേ നിഴലിച്ചു
ദൃഷ്ടിക്കടെയ്ക്കലൊട്ടു തോന്നിച്ചു നാഥൻ തന്നോ-
ടെത്രയും മെല്ലെ മെല്ലെപ്പറഞ്ഞു തുടങ്ങിനാർ.
„കാണായപ്പെട്ടതിനു മൂലമായ് മേവുന്നോനേ!
പ്രാണനാഥനേ! ഞങ്ങൾക്കൊന്നുണ്ടതറിയേണ്ടു:
സേവിക്കുന്നോരെക്കൂടെസ്സേവചെയ്യുന്നു ചിലർ,
സേവിക്കയില്ല ചിലർ തന്നെസ്സേവിക്കുന്നോരെ,
സേവിക്കുന്നവരെയും സേവചെയ്യാത്തോരെയും
സേവിയാ ചിലർ,അതിൻ കാരണം ചൊല്ലു നാഥാ!"
നാഥനതുകേട്ടാഗ്ഗോപികളോടു ചൊല്ലി
„ഹേതുക്കളിതിനിപ്പോൾ ചൊല്ലുവൻ ഗോപിമാരേ!
യാതൊരു ജനം തങ്ങളന്യോന്യം സേവിപ്പതു
നീതിയില്ലതിന്നേതും വാണിഭം തന്നെയത്രേ.
തങ്ങൾക്കു ഫലം വേണമെങ്കിൽ പോയ്മററവനെ
നന്നായിസ്സേവചെയ്യും വേണ്ടായ്കലിളയ്ക്കായും;
നിത്യവും കുറവുകൾ കൂടാതെ ഭരിച്ചീട്ടു-
മച്ഛനുമമ്മതാനും മക്കളേയെന്നപോലെ.
ഇച്ഛയില്ലിങ്ങോട്ടൊന്നങ്ങാകിലുമവരുടെ-
യിച്ഛയ്ക്കുതക്കവണ്ണമിരിക്കുന്നവർ തന്നെ
സേവചെയ്യുന്നവൎക്കും ചെയ്യാത്ത ജനങ്ങൾക്കും
ഭാവത്തെക്കൊടുക്കാതെ മേവുന്നു രണ്ടു വക:
ദേവകൾ തന്നേ സേവ മുഴുത്ത ജനങ്ങളും,

ദൈവത്തെ മറന്നേററം ഞെളിഞ്ഞ ജനങ്ങളും.
ഞാനിതിലൊന്നും കൂടാ സേവിക്കും ജനങ്ങളെ
മാനിക്കമാറില്ലിന്നു നല്ലതു വരുത്തുവാൻ
മാനേലും കണ്ണിമാരേ! കോംപ്പിനിപ്പരമാൎത്ഥം
ഞാനിപ്പോളൊളിച്ചതു നിങ്ങടെ നല്ലതത്രേ.
കിട്ടിയ മുതലയ്യോ! പെട്ടെന്നു കട്ടുപോമ്പോ-
ളൊട്ടേറേത്താപവുംപൂണ്ടു ചിന്തിക്കുമതുതന്നെ,
എന്നതുപോലെയെന്നെ മുട്ടാതെ നിരൂപിച്ചാൽ
കിട്ടീടും മോക്ഷംതന്നെ മട്ടോലും വാണിമാരേ!"
പട്ടാങ്ങും കേട്ടിട്ടവർ മോഹത്തെക്കളഞ്ഞേററ-
യിഷ്ടത്തിൽ കളിപ്പാനായ്പെട്ടെന്നു പുറപ്പെട്ടു.
വല്ലവിമാർ ചുഴലേ യമുനാമണൽമേലേ
മല്ലാരിതന്റെ കളി ഭംഗിയിൽ ചൊല്ലാവല്ലേ.
'എന്നുടെയരികിലുമെന്നുടെയരികിലു'-
മെന്നവൎക്കെല്ലാവൎക്കും തോന്നിച്ചു മുകിൽവൎണ്ണൻ.
മട്ടലർബാണൻകോടി മട്ടോലുംവാണിമാരും
ചട്ടററ കളികളിൽ വട്ടമിട്ടവർകൂടി,
കാർവൎണ്ണനവരുടെയൊന്നിടയിട്ടുകൂടി,
വാൎത്തകം കളികളിൽ ഗീതങ്ങളുടൻ പാടീ;
ശങ്കരാഭരണത്തിൽ പദങ്ങളെടുത്തപ്പോൾ
ശങ്കരാ! ശിവാ!യെന്നെ ചൊല്ലീടാവതുമല്ലേ!
തോടിയും പാടിക്കൊണ്ടു കളിക്കുമൊരുനേരം;
നാടകരീതികളിൽ നടിക്കുമൊരുനേരം;
കൈത്തളിർ താളമൊത്തി നടക്കുമൊരുനേരം;
കാൽച്ചിലമ്പൊലികളിൽക്കലാശമൊരുനേരം;
മുത്തണിമാലകളും പോർമണികുണ്ഡലങ്ങ-
ളിത്തൊഴിൽ കൂടെയാടിക്കൊണ്ടാടുന്നതുപോലെ
പൂഞ്ചായലഴിഞ്ഞു പൂമാലകൾ പൊഴിയവേ,
താമരയിതൾവെല്ലും മിഴികൾ മലരവേ,
തഞ്ചത്തിലുതിരും പുഞ്ചിരികൾ ചിതറവേ,
കഞ്ജത്തെ വെല്ലും തിരുമുഖങ്ങൾ തെളിയവേ,
ഭംഗിയിലുടൻ തിരുക്കരങ്ങളിളകവേ,
മധുരതരം തരിവളകൾ കിലുങ്ങവേ,

അണിമെയ്യുലഞ്ഞു പോൎമുലകൾ കുലുങ്ങവേ,
മിന്നൽപോൽ മിന്നും കൊടി നടുവതുലയവേ,
പൊന്മണിയുടഞ്ഞാൺമിടഞ്ഞു പൊടിയവേ,
പൊന്നെഴുത്തുടയാടപ്പൊൻനിറം മിന്നീടവേ,
താഴ്ചയിൽ കളിച്ചുടൻ കാൽച്ചുവടെടുക്കവേ,
മുഗ്ദ്ധഭാവത്തെക്കണ്ടു സിദ്ധന്മാർ വണങ്ങവേ,
ഭക്തന്മാരിതുകണ്ടു നൃത്തങ്ങൾ തുടങ്ങവേ,
വിസ്മയം പൂണ്ടു വിശ്വമൊക്കെയും സുഖിക്കവേ,
ഈവണ്ണം പല പല കാലങ്ങൾ കളിച്ചിതു
കാൎവ്വൎണ്ണൻതാനും ഗോപസുന്ദരിമാരും കൂടെ.
നിത്യവും പൂൎണ്ണചന്ദ്രൻ തന്നേപോന്നുദിച്ചുവോ?
രാത്രികളൊക്കെയതുകൊണ്ടേറെ വിളങ്ങീതു?

പിച്ചകൾ കേൾപ്പിനയ്യോ! ഇനിയും മാലോകരേ!
നിച്ചലും കളിക്കുന്ന നേരത്തു ഗോപന്മാൎക്കു
അച്ഛച്ഛോ! തന്നടുത്തു തന്നുടെ ഭാൎയ്യയെന്നേ
വിശ്വാസം വന്നു വിശ്വനാഥൻെറ മായകൊണ്ടു്.
നീലക്കാൎവ്വൎണ്ണൻതൻെറ കാരുണ്യമല്ലീയിതിൻ-
മൂലമായതുമറിഞ്ഞീടുവിൻ നിങ്ങളയ്യോ!
വല്ലവിമാരായിട്ടു ചമഞ്ഞു ഗോപന്മാൎക്ക-
ങ്ങെല്ലാൎക്കമകക്കാമ്പിലാനന്ദം വളൎത്തിനാൻ.
വല്ലഭനായിക്കൊണ്ടു വല്ലവീജനങ്ങൾക്കും
നല്ലതു നല്കുവാനും കരുണയല്ലീ മൂലം?
എണ്ണിക്കൊണ്ടെനിക്കയ്യോ! വൎണ്ണിപ്പാൻ മേല കടൽ-
വൎണ്ണൻെറ കരുണകൾക്കററമില്ലായ്കമൂലം.
പൂൎണ്ണനാമവനെ നാം സേവിച്ചീടുമ്പോളതു
തന്നിലാക്കീടുന്നതും കരുണകൊണ്ടുതന്നെ.
പൂൎണ്ണനാകയാലവനൊന്നിലുമിച്ഛയില്ല;
തന്നെക്കൊണ്ടവൻ തങ്കലാനന്ദിച്ചിരിക്കയാൽ.
തനിക്കു വേണ്ടീട്ടല്ല നമ്മുടെ സേവകളെ-
ത്തനിക്കെന്നാക്കീടുന്നു ദയകൊണ്ടത്രേ കണ്ണൻ.
കണ്ണാടിതന്നിൽ നിഴലെടുത്ത മുഖം ജീവ-
നെന്നതു ധരിക്കേണം നോക്കുന്ന മുഖം കൃഷ്ണൻ

കണ്ണാടിതന്നിൽക്കണ്ട മുഖത്തിന്നലങ്കാരം
വേണമെന്നാകിൽ നോക്കും മുഖത്തിലണിയിട്ടു-
ശോഭയുണ്ടാവൂ,യെന്നപോലെയീബ്ഭഗവാനെ
സേവിച്ചാൽ ഫലം നിങ്ങൾക്കുടനേ വന്നുകൂട്ടും.
എന്നാലീബ്ഭഗവാന്റെ കരുണയ്ക്കുററമില്ല-
യെന്നതു ധരിച്ചേററം സേവിക്ക മാലോകരേ

തമ്പിമാർ ചുഴവേ കണ്ണന്റെ കളികളി-
ലിന്നിയും മേലേ മേലേ വിസ്മയം കേൾപ്പിൻ കേൾപ്പിൻ!
ലോകനാഥന്റെ കളി മോഹനം കണ്ടു മേലേ
ലോകത്തു മരുവുന്ന ചന്ദ്രനും നക്ഷത്രങ്ങൾ
വിസ്മയംപൂണ്ടു തങ്ങൾ തങ്ങളെയറിയാതെ
വിശ്വമോഹനം കണ്ടു സുഖിച്ചങ്ങിരിക്കുന്നു.
സിദ്ധന്മാർ ഗന്ധർവ്വന്മാർ ദേവകൾ മുനികളു-
മത്ഭുതമിതുകണ്ടിട്ടാനന്ദംതന്നിൽ മുങ്ങി
തന്നെത്തന്നെയുമവർ മറെറാന്നുമറിയാതെ
നിന്നാരക്കാർവർണ്ണന്റെ കളികൾ കണ്ടു കണ്ടു്.
സന്തോഷത്തിന്നൊരു സന്തോഷംതന്നെയിതു
മംഗലത്തിന്നൊരു മംഗലംതന്നെയത്രേ.
അത്ഭുതത്തിന്നുമിതൊരത്ഭുതം തന്നെയത്രേ,
വിസ്മയത്തിന്നുമൊരു വിസ്മയംതന്നെയിതു്.
മോഹനത്തിന്നുമൊരു മോഹനംതന്നെയിത-
ഞാനന്ദത്തിൻപരമാനന്ദം തന്നെയത്രേ.
വാർമിന്നും കളികളിലീവണ്ണംതന്നെ മഴ-
ക്കാറുടെയിടേ മിന്നും മിന്നലെന്നതുപോലെ
കാർമുകിൽവർണ്ണനുമാകാമിനിമാരും കളി-
ച്ചീടിനോ,രവരെന്റെ നല്ലതു വരുത്തേണം!!

ഇതി ചതുർത്ഥപാഠം.

---

ശുഭം.

17 DEC 1912